സ്ഥാപിതം 1964

# സ്വതന്ത്രമണ്ഡപം

Independent Daily

പൂത്തോൾ, തൃശൂർ – 680004

www.swathanthramandapam.com | വാല്യം: 62 | ലക്കം: 168 | 2026 സെപ്തംബർ 25 വെള്ളി | പേജ്: 2 | വില: 1 രൂപ | PHONE: 2384127, 2384558 | E-mail: smdaily03@yahoo.co.in



സ്വതന്ത്രമണ്ഡപം
പത്രത്തിന്റെ
ഓൺലൈൻസന്ദർശിക്കുക
Visit
Swathanthra Mandapam Online
www.swathanthramandapam.com


### ഡയറി പുറത്തുവിട്ടതിൽ ഷോണിനോട് ബിജെപി നേതാക്കൾക്ക് അതൃപ്തി

തിരു: സി.എം.ആർ.എൽ ഡയറിയുമായി ബന്ധപ്പെട്ട വിവരങ്ങൾ പാർട്ടി നേതൃത്വത്തോട് ആലോചിക്കാതെ മാധ്യമങ്ങൾക്ക് മുന്നിൽ പുറത്തുവിട്ട ബി.ജെ.പി നേതാവ് ഷോൺ ജോർജിന്റെ നടപടിയിൽ പാർട്ടിയിൽ കടുത്ത അമർഷവും അതൃപ്തിയും. പാർട്ടിയെ അനാവശ്യ വിവാദങ്ങളിലേക്ക് വലിച്ചിഴയ്ക്കുകയും എൽ.ഡി.എഫ്-യു.ഡി.എഫ് മുന്നണികളുടെ അഴിമതിക്കെതിരെ ഉന്നയിച്ചിരുന്ന പ്രധാന രാഷ്ട്രീയ ആയുധത്തിന്റെ മേൽക്കൈ നഷ്ടപ്പെടുത്തുകയും ചെയ്തെന്നാണ് ബി.ജെ.പിയിലെ മുതിർന്ന നേതാക്കളുടെ വിമർശനം. ബി.ജെ.പി സംസ്ഥാന കമ്മിറ്റി ഓഫീസിൽ വെച്ച് മുൻകൂട്ടി അറിയിക്കാതെ നടത്തിയ വാർത്താസമ്മേളനം മുതിർന്ന നേതാക്കളെപ്പോലും പ്രതിരോധത്തിലാക്കിയെന്നാണ് ഉയർന്നുവരുന്ന പ്രധാന ആക്ഷേപം.

# ഗ്യാനേഷ് ഉടൻ രാജിവെച്ചില്ലെങ്കിൽ ഒക്ടോബർ 2 മുതൽ രാജ്യവ്യാപക പ്രക്ഷോഭം: സി ജെ പി



ന്യൂഡൽഹി: മുഖ്യ തിരഞ്ഞെടുപ്പ് കമ്മിഷണർ ഗ്യാനേഷ് കുമാറിന് മുന്നറിയിപ്പുമായി സിജെപി. നാളേയ്ക്കകം രാജി വെച്ചില്ലെങ്കിൽ ഒക്ടോ. രണ്ടാംതീയതി മുതൽ മുംബൈയിൽനിന്ന് സിജെപി രാജ്യവ്യാപക പ്രതിഷേധം ആരംഭിക്കുമെന്ന് പാർട്ടി സ്ഥാപകൻ അഭിജീത് ദിപ്കെ പ്രഖ്യാപിച്ചു.

പ്രക്ഷോഭം ഇന്ത്യയിലെമ്പാടുമുള്ള നഗരങ്ങളിലേക്ക് വ്യാപിപ്പിക്കുമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. സാമൂഹികമാധ്യമമായ എക്സിലൂടെയായിരുന്നു അഭിജീത്തിന്റെ പ്രതികരണം. ഈ ഗാന്ധിജയന്തിദിനത്തിൽ ജനാധിപത്യത്തെ സംരക്ഷിക്കാമെന്ന് നമുക്ക് പ്രതിജ്ഞ ചെയ്യാമെന്നും കുറിപ്പിലുണ്ട്.

തിരഞ്ഞെടുപ്പ് പ്രക്രിയകളിൽ ക്രമക്കേട് നടക്കുന്നെന്ന് വിശ്വസിക്കുന്നുണ്ടെങ്കിൽ, തിരഞ്ഞെടുപ്പിൽ പങ്കാളികളാകുന്നത് അവസാനിപ്പിക്കണമെന്ന് പ്രതിപക്ഷ പാർട്ടികളോട് അഭിജീത് ദിപ്കെ ആവശ്യപ്പെട്ടു. എക്സിലെ മറ്റൊരു കുറിപ്പിലൂടെയായിരുന്നു ഈ പ്രതികരണം. തിരഞ്ഞെടുപ്പ് പ്രക്രിയകളിൽ പ്രതിപക്ഷം പങ്കാളികളാകുന്നത്, പിഴവുകളുള്ള സംവിധാനത്തിന് അംഗീകാരം നൽകലാണെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

'പ്രതിപക്ഷത്തിന് വേണ്ടി', എന്ന ആമുഖത്തോടെയാണ് അഭിജീത്തിന്റെ കുറിപ്പ്. അതെ, തിരഞ്ഞെടുപ്പുകൾ അട്ടിമറിക്കപ്പെടുന്നുണ്ട്. എന്നാൽ, അട്ടിമറിക്കപ്പെട്ട തിരഞ്ഞെടുപ്പുകളിൽ നിങ്ങൾ തുടർന്നും പങ്കെടുക്കുമ്പോൾ, നിങ്ങൾ ഇത്തരം തിരഞ്ഞെടുപ്പുകളെ സാധൂകരിക്കുകയും അവ സ്വതന്ത്രവും നീതിയുക്തവുമാണെന്ന മിഥ്യാധാരണ നിലനിർത്താൻ സഹായിക്കുകയുമാണ് ചെയ്യുന്നത്.

മത്സരിച്ചില്ലെങ്കിൽ ഒരുപക്ഷേ നിങ്ങളുടെ അസ്തിത്വം ഇല്ലാതാകുമെന്ന് ഭയക്കുന്നതുകൊണ്ടാകാം നിങ്ങൾ മത്സരിച്ചുകൊണ്ടിരിക്കുന്നത്. എന്നാൽ, വോട്ടുകൾ മോഷ്ടിക്കപ്പെടുകയും നിങ്ങളുടെ എംഎൽഎമാരെയും എംപിമാരെയും കൂറുമാറ്റുകയും പാർട്ടികൾ പിളരുകയും ചെയ്യുമ്പോൾ എന്ത് തരത്തിലുള്ള അസ്തിത്വമാണ് നിങ്ങൾ സംരക്ഷിക്കാൻ ശ്രമിക്കുന്നത്?

ഇത് രാഷ്ട്രീയ അതിജീവനമല്ല. നിങ്ങളെ ദുർബലപ്പെടുത്താനോ, നിങ്ങളുടെ പാർട്ടിയെ പിളർത്താനോ, നിങ്ങൾ തിരഞ്ഞെടുത്ത പ്രതിനിധികളെ എപ്പോൾ വേണമെങ്കിലും കൊണ്ടുപോകാനോ കഴിയുന്ന ഒരു വ്യവസ്ഥിതിയിൽ നിങ്ങൾ വെറുതെ നിലനിൽക്കാൻ ശ്രമിക്കുകയാണ്. ഇങ്ങനെ എത്ര കാലം നിങ്ങൾക്ക് അതിജീവിക്കാൻ കഴിയും?

നിങ്ങൾക്ക് വേണ്ടപ്പെട്ട സംസ്ഥാനങ്ങളിൽ തിരഞ്ഞെടുപ്പ് അട്ടിമറി നടക്കുമ്പോൾ മാത്രം അതിനെക്കുറിച്ച് സംസാരിക്കുകയും, മറ്റെവിടെയെങ്കിലും അത് നടക്കുമ്പോൾ നിശ്ശബ്ദത പാലിക്കുകയും ചെയ്യാൻ കഴിയില്ല. തിരഞ്ഞെടുപ്പുകൾ അട്ടിമറിക്കപ്പെടുന്നുണ്ടെങ്കിൽ, അത് ഏത് സംസ്ഥാനത്താണെന്നോ ഏത് പാർട്ടിയെയാണ് ബാധിക്കുന്നതെന്നോ എന്ന വ്യത്യാസമില്ലാതെ ഇടപെടണം.

ഈ കളിയിൽ ക്രമക്കേടുണ്ടെന്ന് തുടർച്ചയായി പറയുകയും അതേസമയം, അതിൽ പങ്കെടുക്കുകയും ചെയ്യാൻ നിങ്ങൾക്ക് കഴിയില്ല. അട്ടിമറിക്കപ്പെട്ട ഈ തിരഞ്ഞെടുപ്പുകൾക്ക് സാധുത നൽകുന്നത് നിങ്ങളുടെ പങ്കാളിത്തമാണ്.

നിങ്ങളുടെ സ്വന്തം രാഷ്ട്രീയ അതിജീവനത്തെക്കുറിച്ച് ചിന്തിക്കുന്നതിന് മുൻപ് രാജ്യത്തെയും അതിന്റെ ജനാധിപത്യത്തെയും കുറിച്ച് ചിന്തിക്കൂ. ഒരു നിലപാട് എടുക്കുകയും അട്ടിമറിക്കപ്പെടുന്ന തിരഞ്ഞെടുപ്പുകളിൽ പങ്കെടുക്കുന്നത് അവസാനിപ്പിക്കുകയും ചെയ്യണമെന്നും അഭിജീത് ദിപ്കെ കുറിപ്പിൽ പറയുന്നു.

## ട്രംപിന്റെ ആരോഗ്യസ്ഥിതി ഗുരുതരം; നിയന്ത്രണമില്ലാതെ മലമൂത്ര വിസർജനം



ന്യൂയോർക്ക്: യുഎസ് പ്രസിഡൻറ് ഡൊണൾഡ് ട്രംപിന് ഗുരുതര ആരോഗ്യ പ്രശ്നങ്ങളെന്ന് അഭ്യൂഹം. ട്രംപിന്റെ മലമൂത്ര വിസർജ്ജനം നിയന്ത്രണമില്ലാത്ത അവസ്ഥയിലാണെന്ന ഡോക്ടർ ആദം ജെയിംസിന്റെ വാദമാണ് സോഷ്യൽ മീഡിയയിൽ വൈറലാകുന്നത്. ഫ്രഞ്ച് പ്രസിഡൻറ് ഇമ്മാനുവൽ മക്രോയുമായി നടത്തിയ കൂടിക്കാഴ്ചയിൽ സോഫയിൽ ഇരിക്കുന്നതിനു മുൻപ് ട്രംപ് തലയണ ഉപയോഗിച്ചതാണ് ഡോക്ടറുടെ നിരീക്ഷണത്തിനു പിന്നിൽ.

എഴുന്നേൽക്കുന്നതിനുള്ള എളുപ്പത്തിനു വേണ്ടിയാണ് ട്രംപ് തലയണ ഉപയോഗിച്ചതെന്നാണ് ഒരു വിഭാഗം സോഷ്യൽ മീഡിയയിൽ ഉയർത്തുന്ന വാദം. എന്നാൽ പ്രായമുള്ളവരെ ചികിത്സിക്കുന്ന, 15 വർഷത്തെ പ്രവൃത്തി പരിചയമുള്ള ഡോക്ടർ ആദം ജെയിംസ് ആരോഗ്യ പ്രശ്നങ്ങളിലേക്ക് വിരൽ ചൂണ്ടുന്നത്.

മലമൂത്ര വിസർജ്യങ്ങൾ സോഫയിലാകാതിരിക്കാനാണ് ട്രംപ് തലയണ ഉപയോഗിച്ചതെന്ന് ആദം ജെയിംസ് പറഞ്ഞു. ഓർമക്കുറവും മറ്റു ആരോഗ്യ പ്രശ്നങ്ങളുമുള്ള ട്രംപ് കസേരയിൽ നിന്നും എഴുന്നേക്കാനുള്ള സൗകര്യത്തിനും കൂടിയാകാം ഇങ്ങനെ ചെയ്തതെന്നും ആദം പറഞ്ഞു. ഇൻസ്റ്റഗ്രാമിൽ മില്യൺ ഫോളോവേഴ്സുള്ള ക്രിയേറ്ററാണ് അദ്ദേഹം.

ട്രംപ് ഇരിക്കുന്നതിന്റെ ദൃശ്യങ്ങൾ ഫ്രഞ്ച് പ്രസിഡൻറ് മനഃപൂർവ്വമാണ് പോസ്റ്റ് ചെയ്തതാണെന്നും ട്രംപ് ദുർബലനാണെന്ന് ലോകത്തെ കാണിക്കാനാണെന്നും അദ്ദേഹം പറഞ്ഞു. യുഎൻ ജനറൽ അസംബ്ലിയിൽ പങ്കെടുക്കാനാണ് മക്രോ ന്യൂയോർക്കിലെത്തിയത്.

### 14 ഗ്രാം എം.ഡി.എം.എയുമായി യുവാക്കൾ പിടിയിൽ

മാവേലിക്കര: ലഹരി വിരുദ്ധ കാമ്പയിനായ ഓപറേഷൻ തൂഫാന്റെ ഭാഗമായി നടത്തിയ പരിശോധനയിൽ 14 ഗ്രാം എം.ഡി.എം.എയുമായി യുവാക്കൾ പിടിയിൽ. പുന്നപ്ര പുതുവൽ വീട്ടിൽ അനന്തു സജി (27), മുതുകുളം നിധിൻ ഭവനം വീട്ടിൽ നിധിൻ (25) എന്നിവരാണ് പിടിയിലായത്.

ജില്ലാ ഡാൻസാഫ് ടീമും മാവേലിക്കര പൊലീസും ചേർന്ന് നടത്തിയ പരിശോധനയിലാണ് മാവേലിക്കര റെയിൽവെ സ്റ്റേഷനിൽ വെച്ച് ഇവർ പിടിയിലായത്. പ്ലാസ്റ്റിക് സിപ് ലോക്ക് കവറിൽ സൂക്ഷിച്ച നിലയിലാണ് പൊലീസ് എം.ഡി.എം.എ കണ്ടെത്തിയത്. ഇവർ വർഷങ്ങളായി ലഹരി കച്ചവടം നടത്തുന്നതായി വിവരം ലഭിച്ചതിനെ തുടർന്ന് പൊലീസ് നിരീക്ഷിച്ചുവരികയായിരുന്നു.

ബാംഗ്ലൂരിൽ നിന്നുമാണ് പ്രതികൾ എം.ഡി.എം.എ വാങ്ങിയതെന്നും ചില്ലറ വിൽപനക്കാണ് നാട്ടിൽ എത്തിച്ചതെന്നും പ്രതികൾ പറഞ്ഞു. നിരവധി ബൈക്ക് മോഷണ കേസിൽ പ്രതിയാണ് അറസ്റ്റിലായ ആനന്ദു സജി.

കോടതിയിൽ ഹാജരാക്കിയ പ്രതികളെ റിമാൻഡ് ചെയ്തു.

### ബിജെപി നേതാവ് നിവേദിത സുബ്രഹ്മണ്യം ദേശീയ വനിതാകമ്മീഷൻ അംഗം



ന്യൂഡൽഹി: ബിജെപി നേതാവും മഹിളാ മോർച്ച മുൻ സംസ്ഥാന അധ്യക്ഷയുമായ നിവേദിത സുബ്രഹ്മണ്യത്തെ ദേശീയ വനിതാ കമ്മീഷൻ അംഗമായി നിയമിച്ച് കേന്ദ്ര സർക്കാർ. മൂന്നുവർഷമാണ് കാലാവധി.

ഗുരുവായൂർ സ്വദേശിയായ നിവേദിത ബിജെപി തൃശ്ശൂർ നോർത്ത് ജില്ലാ പ്രസിഡന്റാണ്. 2016-ൽ ഗുരുവായൂരിൽനിന്ന് നിയമസഭയിലേക്ക് മത്സരിച്ചിരുന്നു. 2021-ൽ സീറ്റ് ലഭിച്ചെങ്കിലും നാമനിർദേശ പത്രിക തള്ളിപ്പോയതിനാൽ മത്സരിക്കാൻ കഴിഞ്ഞിരുന്നില്ല. 2024-ലെ ലോക്സഭാ തിരഞ്ഞെടുപ്പിൽ പൊന്നാനിയിൽനിന്ന് മത്സരിച്ചിരുന്നു.

നിവേദിത സുബ്രഹ്മണ്യത്തിന് പുറമേ ഉത്തർപ്രദേശിൽ നിന്നുള്ള അർച്ചന മിശ്രയെയും വനിതാകമ്മീഷൻ അംഗമായി നോമിനേറ്റ് ചെയ്തിട്ടുണ്ട്.

### വിദ്യാർഥികൾക്ക് വിമാന ടിക്കറ്റിൽ 10 ശതമാനം ഇളവുമായി എയർ ഇന്ത്യ എക്സ്പ്രസ്

ന്യൂഡൽഹി: ഉത്സവ സീസണിന് മുന്നോടിയായി വിദ്യാർഥികൾക്ക് പ്രത്യേക ഓഫർ പ്രഖ്യാപിച്ച് എയർ ഇന്ത്യ എക്സ്പ്രസ്. ആഭ്യന്തര വിമാന സർവീസുകളിലെ അടിസ്ഥാന നിരക്കിൽ 10 ശതമാനം ഇളവാണ് ലഭിക്കുക. ഇതോടൊപ്പം 25 കിലോ വരെ ചെക്ക് ഇൻ ബാഗേജ് സൗജന്യമായി കൊണ്ടുപോകാൻ കഴിയും. കൂടാതെ 99 രൂപക്ക് യാത്രാ തീയതി മാറ്റാനും സാധിക്കും. 2026 ഒക്ടോബർ 20 വരെയാണ് ഓഫർ ലഭ്യമാകുക.

## ഷാജിയുടെ റെയ്ഞ്ച് റോവർ: ജാഗ്രത വേണം, മന്ത്രിമാർക്ക് പെരുമാറ്റച്ചട്ടം ഏർപ്പെടുത്താൻ ലീഗ്



ന്യൂഡൽഹി: മന്ത്രിമാർക്കും എംഎൽഎമാർക്കും എംപിമാർക്കും പെരുമാറ്റച്ചട്ടം കൊണ്ടുവരാൻ മുസ്ലിം ലീഗ് തീരുമാനം. ഒക്ടോബർ മൂന്നിന് മന്ത്രിമാർ ഉൾപ്പെടെയുള്ള ജനപ്രതിനിധികളുടെ യോഗം കോഴിക്കോട് ചേരും. ഈ യോഗത്തിൽ ലീഗ് മന്ത്രിമാർക്കുള്ള മാർഗ്ഗനിർദേശങ്ങൾ പാർട്ടി സംസ്ഥാന അധ്യക്ഷൻ പാണക്കാട് സാദിഖ് അലി ശിഹാബ് തങ്ങൾ വിശദീകരിക്കും.

തദ്ദേശവകുപ്പ് മന്ത്രി കെ.എം. ഷാജി സർക്കാർ വാഹനം ഒഴിവാക്കി സ്വകാര്യ വ്യക്തിയുടെ റെയ്ഞ്ച് റോവർ ഉപയോഗിച്ചത് വിവാദമായതിനെ തുടർന്നാണ് മാർഗരേഖ കൊണ്ടുവരാനുള്ള തീരുമാനം എന്നാണ് സൂചന. ഷാജിയുടെ നടപടിയിൽ ലീഗ് നേതൃത്വത്തിലെ പലർക്കും അതൃപ്തി ഉണ്ട്. എന്നാൽ, ഷാജിക്കെതിരെ സംഘടനാതലത്തിലുള്ള നടപടി ഉണ്ടാകാൻ സാധ്യതയില്ലെന്ന് മുതിർന്ന നേതാക്കൾ മാവ്യക്തമാക്കി.

മുസ്ലിം ലീഗ് മന്ത്രിമാരിൽ പി.കെ. കുഞ്ഞാലികുട്ടി ഒഴികെയുള്ളവർ എല്ലാം പുതുമുഖങ്ങളാണ്. എംഎൽഎമാരിലും അധികം പുതുമുഖങ്ങളാണ്. ഈ സാഹചര്യത്തിലാണ് സ്വകാര്യ വ്യക്തികളുടെ സേവനങ്ങൾ ഉൾപ്പെടെ സ്വീകരിക്കുമ്പോൾ പാലിക്കേണ്ട ജാഗ്രത സംബന്ധിച്ച മാർഗ്ഗരേഖ നൽകാൻ പാർട്ടി നേതൃത്വം തീരുമാനിച്ചത്.

## പൊതുപരിപാടികൾ റദ്ദാക്കി ഗ്യാനേഷ് കുമാർ

### മുഖ്യ തിരഞ്ഞെടുപ്പു കമ്മിഷണറുടെ തീരുമാനങ്ങൾ റദ്ദാക്കണമെന്ന് ഹർജി

ന്യൂഡൽഹി: പൊതുപരിപാടികൾ റദ്ദാക്കി മുഖ്യ തിരഞ്ഞെടുപ്പു കമ്മിഷണർ ഗ്യാനേഷ് കുമാർ. ഉത്തർ പ്രദേശിലെ മീററ്റിൽ സംഘടിപ്പിച്ച ഗ്രാൻഡ് ഡയലോഗ് എന്ന പരിപാടി റദ്ദാക്കി. യുവാക്കളും ബിഎൽഒമാരും പങ്കെടുക്കുന്ന പരിപാടിയാണ് റദ്ദാക്കിയത്.

തിങ്കളാഴ്ച വാരാണസിയിൽ നടക്കാനിരുന്ന സമാന സ്വഭാവമുള്ള മറ്റൊരു പരിപാടിയും റദ്ദാക്കിയിട്ടുണ്ട്. അതേസമയം, ഗ്യാനേഷ് കുമാറിന്റെ തീരുമാനങ്ങൾ റദ്ദാക്കണമെന്ന ആവശ്യവുമായി ബോംബെ ഹൈക്കോടതിയിൽ ഹർജി സമർപ്പിക്കപ്പെട്ടിട്ടുണ്ട്.



തീവ്രവോട്ടർ പട്ടിക പരിഷ്കരണത്തോട് (എസ്.ഐ.ആർ.) രണ്ട് തിരഞ്ഞെടുപ്പു കമ്മിഷണർമാർ പ്രകടിപ്പിച്ച വിയോജിപ്പുകൾ രാഷ്ട്രീയകോളിളക്കം സൃഷ്ടിച്ചതോടെ മുഖ്യ തിരഞ്ഞെടുപ്പ് കമ്മിഷണർ ഗ്യാനേഷ് കുമാറിനെതിരേ അതിശക്തപ്രതിഷേധമാണ് ഉയർന്നിട്ടുള്ളത്. ഗ്യാനേഷ്കുമാറിനെ സ്ഥാനത്തുനിന്ന് നീക്കാനാവശ്യപ്പെട്ട് പാർലമെന്റിന്റെ ഇരുസഭകളിലും പ്രമേയത്തിന് പ്രതിപക്ഷം ഒരാഴ്ചയ്ക്കകം നോട്ടീസ് നൽകും. എസ്.ഐ.ആർ. പ്രക്രിയ നിർത്തിവെക്കണമെന്നും പ്രതിപക്ഷം ആവശ്യപ്പെട്ടു.

ഗ്യാനേഷിനെതിരേ 73 പ്രതിപക്ഷ എം.പി.മാർ ഒപ്പുവെച്ച നോട്ടീസ് രാജ്യസഭയിൽ ഏപ്രിൽ 24ന് നൽകിയിരുന്നു. അതിനുമുൻപ് ഇരുസഭകളിലും നൽകിയ നോട്ടീസ് തള്ളപ്പെട്ടു. ഇതിനെല്ലാം പുറമേയാണിപ്പോൾ പുതിയ നോട്ടീസിനുള്ള നിയമപരിശോധനയിലേക്ക് കടന്നിരിക്കുന്നത്.

വോട്ടർപട്ടികയിൽ പുതുതായി പേര് ചേർക്കുന്നതിനുള്ള ഫോം ആറിൽ 2002-ലെ എസ്.ഐ.ആർ. സംബന്ധിച്ച ചോദ്യം ഏകപക്ഷീയമായി ഉൾപ്പെടുത്തിയത്, ഡേറ്റാബേസിന്റെ കേന്ദ്രീകൃതനിയന്ത്രണം ഡൽഹി കമ്മിഷൻ ആസ്ഥാനത്തേക്കുവന്നത്, ബംഗാളിൽ 14 ലക്ഷം വോട്ടർമാരെ പുറത്താക്കാൻ കമ്മിഷനിൽനിന്ന് കത്തയച്ചത് എന്നിങ്ങനെ കമ്മിഷണർമാർ വിയോജനക്കുറിപ്പിലുന്നയിച്ച വിഷയങ്ങളാകും പ്രതിപക്ഷവുമുയർത്തുക.

### എസ് എസ് തൃശൂർ ജില്ല 'ഇസ്സകോഡ്' റാലി ഞായറാഴ്ച

കുന്നംകുളം: കൂരിയാട് വാദി ഹറമൈനിൽ ജനുവരി 28 മുതൽ 31 വരെ നടക്കുന്ന സമസ്ത സെന്റിനറി കോൺഫറൻസിന്റെ ഭാഗമായി എസ് എസ് എഫ് തൃശ്ശൂർ ജില്ലാ കമ്മിറ്റി സംഘടിപ്പിക്കുന്ന 'ഇസ്സ കോഡ്' ജില്ലാ റാലി ഞായറാഴ്ച പെരുമ്പിലാവിൽ നടക്കും. വൈകിട്ട് 3 ന് കല്ലുംപുറത്ത് നിന്ന് ആരംഭിക്കുന്ന റാലി പെരുമ്പിലാവ് സെന്ററിൽ സമാപിക്കും ജില്ലയിലെ 47 സെക്ടറുകളിൽ നിന്നായി തിരഞ്ഞെടുക്കപ്പെട്ട 1500 ഇസ്സ കോഡ് അംഗങ്ങൾ റാലിയിൽ പങ്കെടുക്കും.

## മോദി, ഇഡി, വിഡി കൂട്ടുകെട്ട് സിപിഎമ്മിനെ കടന്നാക്രമിക്കുന്നു: എംവി ഗോവിന്ദൻ



തിരു : സിപിഎമ്മിനെതിരേ കടന്നാക്രമണം നടത്തുന്നത് മോദി, ഇ.ഡി, വി.ഡി കൂട്ടുകെട്ടാണെന്നും ഇതിനെതിരേ അതിശക്തമായ ജനകീയ മുന്നേറ്റം കേരളത്തിൽ ഉയർന്നുവരുമെന്നും സിപിഎം സംസ്ഥാന സെക്രട്ടറി എം.വി. ഗോവിന്ദൻ. പിണറായി വിജയനെതിരായ അന്വേഷണത്തിൽ എഫ്.ഐ.ആർ. രജിസ്റ്റർ ചെയ്യാനുള്ള തെളിവുകളുടെ അംശം പോലുമില്ലെന്നാണ് എസ്.ഐ.ടിയുടെ വിലയിരുത്തലെന്നും അമിത് ഷായും നരേന്ദ്ര മോദിയും ചേർന്ന് ആസൂത്രണം ചെയ്ത പ്രത്യയശാസ്ത്ര പരമായ യുദ്ധമാണിതെന്നും അദ്ദേഹം വ്യക്തമാക്കി.

ത്രിപുരയിൽ കമ്മ്യൂണിസ്റ്റ് പാർട്ടി തോറ്റപ്പോൾ കേരളത്തിലെ കമ്മ്യൂണിസ്റ്റ് പാർട്ടിയാണ് അടുത്ത ലക്ഷ്യമെന്ന് അവർ വ്യക്തമാക്കിയതാണെന്നും അതിന്റെ ഭാഗമായാണ് ഇ.ഡിയെ ഉപയോഗിക്കുന്നതെന്നും അദ്ദേഹം പറഞ്ഞു. ഒരു തെളിവും ഇല്ലാത്ത കേസിൽ കഥകൾ രചിച്ച് ചോർത്തി നൽകുകയാണ് ചെയ്യുന്നത്. തങ്ങളുടെ കൈവശമുള്ള മുഴുവൻ അസ്ത്രങ്ങളും എടുത്ത് പ്രയോഗിക്കുകയാണെങ്കിലും ഏത് ഏജൻസി അന്വേഷിക്കുന്നതിലും തങ്ങൾക്ക് യാതൊരു പ്രയാസവുമില്ലെന്നും തെളിവിന്റെ കണിക പോലും ഈ കേസിൽ ഇല്ലെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

സ്വകാര്യ മുതലാളിമാരെ ഉപയോഗപ്പെടുത്തി, അവരുടെ സ്പോൺസർഷിപ്പിൽ കേരളം ഭരിക്കുമെന്നാണ് മുഖ്യമന്ത്രി ദാർഷ്ട്യത്തോടെ പറയുന്നതെന്ന് ഗോവിന്ദൻ പറഞ്ഞു. ഞങ്ങൾ സ്പോൺസറുടെ വിമാനത്തിൽത്തന്നെ ഇനിയും സഞ്ചരിക്കുമെന്നാണ് മുഖ്യമന്ത്രി പറയുന്നത്. മന്ത്രിമാർ വിദേശത്ത് പോകും, സ്പോൺസറുടെ ചെലവിൽ തന്നെ പോകും, ഇനിയും പോകുമെന്നും പറയുന്നു. വൈദ്യുതി വകുപ്പ് മന്ത്രി ഉൾപ്പെടെ 4മന്ത്രിമാർ വീണ്ടും വിദേശത്ത് പോകാനുള്ള ഉത്തരവിറങ്ങിയതായും ഗോവിന്ദൻ പറഞ്ഞു.

വലിയ മുതലാളിമാരുടെ സഹായവും സൗജന്യവും പറ്റിയാണ് ഈ യാത്രകളെല്ലാം നടത്തുന്നത്. ഇത് കേരളത്തിന് വളരെ അപകടകരമായ ദിശയാണ്. വിദേശയാത്രകൾ വഴി പെട്രോൾ, ഡ്രൈവർ, മെയിന്റനൻസ് ചെലവുകൾ ഇല്ലാത്തതിനാൽ സർക്കാരിന് ലാഭമാണെന്ന് മുൻപ് കെപിസിസി പ്രസിഡന്റ് പറഞ്ഞ രീതിയിലാണ് മുഖ്യമന്ത്രിയും സംസാരിക്കുന്നത്. അഴിമതിയും സ്വജനപക്ഷപാതവും കാട്ടാൻ ഉദ്യോഗസ്ഥർ ഉൾപ്പെടെയുള്ള മുഴുവൻ ആളുകൾക്കും തുറന്ന സർട്ടിഫിക്കറ്റാണ് ഇതിലൂടെ നൽകിയിരിക്കുന്നതെന്ന്.

നരേന്ദ്ര മോദിയുടെ മാധ്യമസ്വാതന്ത്ര്യത്തിനെതിരായ കടന്നാക്രമണത്തിന് കേരളത്തിൽ വി.ഡി. സതീശൻ മോദിക്കൊപ്പം നിലകൊള്ളുകയാണെന്നും എം വി ഗോവിന്ദൻ പറഞ്ഞു. സർക്കാരിനെ വിമർശിക്കുന്ന വാർത്തകളിൽ മുഖ്യമന്ത്രിയുടെ പേരോ ഫോട്ടോയോ ഉപയോഗിക്കാൻ അനുവദിക്കാത്ത കാടത്ത നിലപാടാണ് സ്വീകരിക്കുന്നതെന്നും അദ്ദേഹം ആരോപിച്ചു.

### കോടതി പരസ്യം

**ബഹു. തൃശൂർ MACT മുമ്പാകെ**

OP: 426/2020

വർഷ എ എം
-ഹരജിക്കാരി

മിഷാദ് S/o. അബ്ദുൾ മജീദ്, പാലത്തുംവീട്ടിൽ ഹൗസ്, ഗുരുവായൂർ പി ഒ., മണികത്തപ്പടി, തൃശൂർ-680101
- 6-ാം എതൃകക്ഷി

മേൽ നമ്പറിൽ 6-ാംഎതൃകക്ഷിക്കുള്ള നോട്ടീസ് കോടതിയിലും വാസസ്ഥലത്തും പതിച്ചുനടത്തുന്നതിന് കല്പിച്ച് മേൽ നമ്പർ കേസ് **30-10-2026** തിയ്യതിയിലേക്ക് വെച്ചിരിക്കുന്ന വിവരം ഇതിനാൽ അറിയിച്ചുകൊള്ളുന്നു.

എന്ന്, 25-9-2026
ഹരജിഭാഗം അഡ്വക്കെറ്റ്
**കെ എഫ് പാപ്പച്ചൻ**
(ഒപ്പ്)

## ദീപ്ത സ്മരണകളോടെ



പനന്താനം വീട്ടിൽ മത്തായി മകൻ

**ഡോ. പി. എം. വർക്കി (97)**

ചെയർമാൻ, ട്രിച്ചൂർ ഹാർട്ട് ഹോസ്പിറ്റൽ ലിമിറ്റഡ്

ബോർഡ് ഓഫ് ഡയറക്ടേഴ്സ്, തൃശ്ശൂർ ഹാർട്ട് ഹോസ്പിറ്റൽ ലിമിറ്റഡ്.

സ്റ്റാഫ്, സൺ മെഡിക്കൽ ആൻഡ് റിസർച്ച് സെന്റർ.

**സംസ്കാര ശുശ്രൂഷ: 25.09.2026 വെള്ളിയാഴ്ച**

**പൊതുദർശനം:** രാവിലെ 7 മുതൽ 8 വരെ സൺ മെഡിക്കൽ & റിസർച്ച് സെന്ററിൽ.
8.30 മുതൽ മിഷൻ ക്വാർട്ടേഴ്സിലെ വസതിയിൽ.
വൈകീട്ട് 4ന് വസതിയിൽനിന്നും ആരംഭിക്കുന്ന സംസ്കാരശുശ്രൂഷ പുത്തൻപള്ളി സെമിത്തേരിയിൽ സമാപിച്ചതിനുശേഷം ബസിലിക്ക ഹാളിൽ അനുസ്മരണ യോഗം.

LIVE STREAMING

RNI No. 7675/1964, Edited, Printed & Published by A. Mohammed at Mangalodayam Printers Printers, Thrissur-4



# സഹൃദയ സിൽവർ ജൂബിലി & ഐഎഡിസി സമ്മിറ്റ് 2026

കൊടകര: വിദ്യാഭ്യാസ രംഗത്ത് കാൽ നൂറ്റാണ്ട് (25 വർഷം) പിന്നിടുന്ന സഹൃദയ കോളേജ് ഓഫ് എൻജിനീയറിങ് ആൻഡ് ടെക്നോളജി തങ്ങളുടെ സിൽവർ ജൂബിലി ആഘോഷങ്ങളിലേക്ക് പ്രവേശിക്കുകയാണ്. 'ഒരു പാരമ്പര്യം, ഒരു കുടുംബം, ഒരു ഭാവി' (One Legacy. One Family, One Future) ആപ്തവാക്യത്തിലൂന്നി 2002 മുതൽ അക്കാദമിക് മികവിലും കമ്മ്യൂണിറ്റി സേവനങ്ങളിലും മുന്നിട്ടുനിൽക്കുന്ന സഹൃദയ, തങ്ങളുടെ നാഴികക്കല്ലായ സിൽവർ ജൂബിലി വർഷത്തിൽ നിരവധി വൻകിട പദ്ധതികൾക്കാണ് തുടക്കം കുറിക്കുന്നത്.

2026 സെപ്റ്റംബർ 26-ന് ഔദ്യോഗികമായി ഉദ്ഘാടനം ചെയ്യപ്പെടുന്ന ഈ ജൂബിലി വർഷത്തിൽ, വിദ്യാഭ്യാസം, സ്പോർട്ട്, അടിസ്ഥാനസൗകര്യ വികസനം. പാർപ്പിട നിർമ്മാണം തുടങ്ങി നിരവധി ജനക്ഷേമ പദ്ധതികളാണ് ക്യാമ്പസിലും സമൂഹത്തിലുമായി നടപ്പിലാക്കുന്നത്.

സെപ്റ്റംബർ 26, 28, 29 തിയ്യതികളിലായി നടത്തപ്പെടുന്ന ജൂബിലി വർഷ ഉത്ഘടനത്തിൽ 26-ാം തിയതി ശനിയാഴ്ച കേരള മുഖ്യമന്ത്രി വി. ഡി. സതീശൻ മുഖ്യാതിഥിയായിരിക്കും. മാർ പോളി കണ്ണൂക്കാടൻ അധ്യക്ഷത വഹിക്കുന്ന സമ്മേളനത്തിൽ കേന്ദ്രമന്ത്രി സുരേഷ് ഗോപി, റോജി എം ജോൺ, ശ്രീ ഓ ജെ ജെനീഷ് എന്നീ മന്ത്രിമാരും KTU വൈസ് ചാൻസിലർ Dr. ജിസ് തോമസും, എംപി മാരും എംഎൽ എമാരും പങ്കെടുക്കുന്നു.

കേരള സ്റ്റാർട്ടപ്പ് മിഷന്റെ നേതൃത്വത്തിൽ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ ഇന്നവേഷൻ ആന്റ് ഓൺട്രപ്രണർഷിപ്പ് ഡവലപ്മെന്റ് സെന്ററുകൾ വഴി സംഘടിപ്പിക്കുന്ന ഐ ഇ ഡി സി സമ്മിറ്റ് തിങ്കൾ, ചൊവ്വ ദിവസങ്ങളിലായി നടക്കും. വ്യവസായ മന്ത്രി പി കെ കുഞ്ഞാലികുട്ടി ഉത്ഘാടനം ചെയ്യുന്നു.29 നു ഐഎഡിസി നോഡൽ ഓഫീസർസ് മീറ്റ് നടത്തപ്പെടുന്നു.

പതിനായിരത്തിലധികം വിദ്യാർത്ഥികൾ സമ്മിറ്റിൽ പങ്കെടുക്കും. 250-ൽ അധികം സ്റ്റാർട്ടപ്പുകളുടെയും അയ്യായിരത്തിലധികം ആശയങ്ങളുടയും പ്രദർശനമുണ്ടാകും. ചർച്ചകൾ, സാങ്കേതിക പഠന സെക്ഷനുകൾ, ഇൻവെസ്റ്റർ നെറ്റ് വർക്കിംഗ്, പ്രോഷോ എന്നിവയുണ്ടാകും

റവ. ഡോ. ആന്റോ ചുങ്കത്ത് എക്സിക്യൂട്ടീവ് ഡയറക്ടർ, സഹൃദയ കോളേജ് ഓഫ് എൻജിനീയറിങ് ആൻഡ് ടെക്നോളജി, ഡോ. രാംകുമാർ എസ്. - പ്രിൻസിപ്പൽ, സഹൃദയ കോളേജ് ഓഫ് എൻജിനീയറിങ് ആൻഡ് ടെക്നോളജി, ഡോ. ജിസ് പോൾ ജനറൽ കൺവീനർ, സഹൃദയ സിൽവർ ജൂബിലി കമ്മിറ്റി, ജിബിൻ ജോസ്- ഓർഗനൈസിംഗ് സെക്രട്ടറി, ഐഎഡിസി സമ്മിറ്റ് 2026, ഫ്രാൻസിസ് ജോൺ വി. -പി.ആർ.ഒ. സഹൃദയ കോളേജ് ഓഫ് എൻജിനീയറിങ് ആൻഡ് ടെക്നോളജി തുടങ്ങിയവർ പത്രസമ്മേളനത്തിൽ പരിപാടികൾ വിശദീകരിച്ചു.

## സാഗ്നിക - സംഗീത-നൃത്ത യുവപ്രതിഭ പുരസ്ക്കാരം' ഏർപ്പെടുത്തി



ഇരിങ്ങാലക്കുട: ഇരിങ്ങാലക്കുടയിലെ കലാ-സാഹിത്യ-സാംസ്ക്കാരിക-സാമൂഹിക പരിസരങ്ങളിൽ സജീവമായിരുന്ന അയിനിപ്പിള്ളി എ അഗ്നിശർമ്മൻ രണ്ട് പതിറ്റാണ്ടോളം ഡോക്ടർ കെ എൻ പിഷാരടി സ്മാരക കഥകളി ക്ലബ്ബിന്റെ പ്രസിഡണ്ടുമായിരുന്നു. അദ്ദേഹത്തിന്റേയും, ദീർഘകാലം നാഷണൽ ഹൈസ്ക്കൂൾ അദ്ധ്യാപികയായിരുന്ന പത്നി സാവിത്രി ടീച്ചറുടെയും സ്മരണാർത്ഥം യുവകലാകാരന്മാർക്കായി ഒരു പുതിയ പുരസ്ക്കാരം ഏർപ്പെടുത്തുന്നു. സ്മര്യദമ്പതിമാരുടെ ദൗഹിത്രനും, പ്രശസ്ത സംഗീതജ്ഞനും, വൈണികനുമായ ഹരി അഗ്നിശർമ്മൻ കപ്പിയൂരും, പത്നി നർത്തകിയായ നീരജ ഹരിയും ചേർന്നാണ് 'സാഗ്നിക - സംഗീത-നൃത്ത യുവപ്രതിഭ പുരസ്ക്കാരം' ഏർപ്പെടുത്തിയിരിക്കുന്നത്. ഹരി-നീരജ ദമ്പതിമാർ അമേരിക്കയിൽ നടത്തുന്ന കലാസ്ഥാപനമായ 'നാദനൃത്യ സ്കൂൾ ഓഫ് മ്യൂസിക് & ഡാൻസ്' ആണ് ഈ പുരസ്ക്കാരത്തിന്റെ പ്രായോജകർ. 10,000/ രൂപയും, പ്രശസ്തിപത്രവും, ഫലകവും, അംഗവസ്ത്രവും അടങ്ങുന്ന പുരസ്ക്കാരം ഇരിങ്ങാലക്കുട കഥകളി ക്ലബ്ബിന്റെ വാർഷികവേദിയിൽ സമ്മാനിക്കും.

25 വയസ്സിനും 40 വയസ്സിനുംമദ്ധ്യേ പ്രായമുള്ള, കലാരംഗത്ത് പ്രാഗത്ഭ്യംതെളിയിച്ച യുവപ്രതിഭകളെയാണ് പുരസ്ക്കാരത്തിനായി പരിഗണിക്കുക. പ്രവാസികലാകാരന്മാർ ഉൾപ്പെടെയുള്ളവരെ ദേശാന്തരഭേദമില്ലാതെ പരിഗണിക്കുന്നതാണ്. ഓരോവർഷവും സംഗീത, നൃത്ത വിഭാഗങ്ങളിൽനിന്ന് മാറിമാറിയായിരിക്കും പുരസ്കൃതരെ തെരഞ്ഞെടുക്കുക.

ആദ്യവർഷം കർണ്ണാടകസംഗീതത്തിലെ വായ്പ്പാട്ട്, വീണ, വേണു, വയലിൻ, നാദസ്വരം എന്നീ ശാഖകളിൽനിന്നുള്ള ഒരു പ്രതിഭയെ പുരസ്ക്കാരത്തിനായി പരിഗണിക്കും. രണ്ടാംവർഷം നൃത്തവിഭാഗത്തിൽനിന്ന് മോഹിനിയാട്ടം, ഭരതനാട്യം, കൂച്ചിപ്പുടി എന്നീ കലകളിൽ ഏതെങ്കിലും ഒന്നിലെ പ്രതിഭയെയും പരിഗണിക്കും. തുടർന്നുള്ള വർഷങ്ങളിലും ഇതേ ക്രമത്തിൽ സംഗീത-നൃത്ത വിഭാഗങ്ങളിൽനിന്ന് മാറിമാറി ജേതാക്കളെ തെരഞ്ഞെടുക്കുന്നതായിരിക്കും.

## ചേലക്കര സർക്കാർ പോളിടെക്നിക് കോളേജിൽ വാച്ച്മാൻ താൽക്കാലിക ഒഴിവ്; അഭിമുഖം 28ന്

തൃശൂർ: ചേലക്കര സർക്കാർ പോളിടെക്നിക് കോളേജിൽ വാച്ച്മാൻ തസ്തികയിൽ നിലവിലുള്ള ഒഴിവിലേക്ക് താത്കാലിക ദിവസവേതനാടിസ്ഥാനത്തിൽ നിയമനം നടത്തുന്നു. സെപ്റ്റംബർ 28-ന് രാവിലെ പത്തിന് കോളേജ് ഓഫീസിൽ അഭിമുഖം നടത്തും. വിമുക്തഭടന്മാർക്ക് നിയമനത്തിൽ മുൻഗണന.

ഉയർന്ന പ്രായപരിധി 56 വയസ്സാണ്. യോഗ്യരായ ഉദ്യോഗാർത്ഥികൾ വയസ്സ്, വിദ്യാഭ്യാസ യോഗ്യത എന്നിവ തെളിയിക്കുന്ന അസ്സൽ സർട്ടിഫിക്കറ്റുകൾ സഹിതം അഭിമുഖത്തിന് ഹാജരാകണം. കൂടുതൽ വിവരങ്ങൾക്ക് ചേലക്കര സർക്കാർ പോളിടെക്നിക് കോളേജ് ഓഫീസുമായി ബന്ധപ്പെടുക. ഫോൺ: 04884-254484.

## പഠനമുറി പദ്ധതി: അപേക്ഷകൾ ക്ഷണിച്ചു

തൃശൂർ:പട്ടികജാതി വിഭാഗം വിദ്യാർത്ഥികളുടെ പഠനനിലവാരം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി പട്ടികജാതി വികസന വകുപ്പ് നടപ്പിലാക്കി വരുന്ന 'പഠനമുറി' പദ്ധതിയിലേക്ക് അപേക്ഷകൾ ക്ഷണിച്ചു. സർക്കാർ, എയ്ഡഡ്, സ്പെഷ്യൽ, ടെക്നിക്കൽ, കേന്ദ്രീയ വിദ്യാലയങ്ങളിൽ അഞ്ച് മുതൽ 12 വരെ ക്ലാസുകളിൽ പഠിക്കുന്ന പട്ടികജാതി വിഭാഗത്തിലെ വിദ്യാർത്ഥികൾക്കാണ് അവസരം. ഒരു ലക്ഷം രൂപ വരെ കുടുംബ വാർഷിക വരുമാനമുള്ളവരും, 1000 സ്ക്വയർ ഫീറ്റ് വരെ മാത്രം വിസ്തീർണ്ണമുള്ള വീടുള്ളവരുമായ കുടുംബങ്ങളിലെ വിദ്യാർത്ഥികൾക്ക് അപേക്ഷിക്കാം. പട്ടികജാതി വികസന വകുപ്പിൽ നിന്നോ മറ്റ് ഏജൻസികളിൽ നിന്നോ മുൻപ് ഇതേ ആവശ്യത്തിന് ധനസഹായം ലഭിച്ചവർ അപേക്ഷിക്കാൻ അർഹരല്ല.

താത്പര്യമുള്ളവർ ബന്ധപ്പെട്ട ബ്ലോക്ക്, മുനിസിപ്പാലിറ്റി, കോർപ്പറേഷൻ പട്ടികജാതി വികസന ഓഫീസുകളിൽ ലഭിക്കുന്ന നിശ്ചിത മാതൃകയിലുള്ള അപേക്ഷാഫോമിലാണ് അപേക്ഷ സമർപ്പിക്കേണ്ടത്. അപേക്ഷകൾ സമർപ്പിക്കേണ്ട അവസാന തീയതി ഒക്ടോബർ 19 ആണ്. ഫോൺ- 0487-2360381.

## രാഹുലിന്റെ മണ്ഡലത്തിൽനിന്ന് തിരഞ്ഞെടുപ്പ് പ്രചാരണത്തിന് തുടക്കമിട്ട് അഖിലേഷ്; സഖ്യമുണ്ടാകും



ലഖ്നൗ: ഉത്തർപ്രദേശ് നിയമസഭാ തിരഞ്ഞെടുപ്പ് പ്രചാരണത്തിന് കോൺഗ്രസ് നേതാവ് രാഹുൽ ഗാന്ധിയുടെ ലോക്സഭാ മണ്ഡലമായ റായ്ബറേലിയിൽനിന്ന് തുടക്കമിട്ട് അഖിലേഷ് യാദവ്. കോൺഗ്രസുമായുള്ള തിരഞ്ഞെടുപ്പ് സഖ്യം തുടരുമെങ്കിലും സീറ്റ് വിഭജന ധാരണ 'വിജയസാധ്യത' അടിസ്ഥാനമാക്കി മാത്രമായിരിക്കുമെന്നും സമാജ് വാദി പാർട്ടി അധ്യക്ഷൻ വ്യക്തമാക്കി.

റായ്ബറേലിയിൽ തന്റെ പി.ഡി.എ രഥയാത്രക്കിടെ പ്രവർത്തകരെ അഭിസംബോധന ചെയ്യവേയാണ് അഖിലേഷ് ഇങ്ങനെ പറഞ്ഞത്. 'സഖ്യമുണ്ടാകും, സഖ്യത്തോടൊപ്പം വെല്ലുവിളികളുമുണ്ടാകും... ഞങ്ങളെ സംബന്ധിച്ചിടത്തോളം വിഷയം സീറ്റുകളുടെ എണ്ണമല്ല, വിജയിക്കാൻ സാധ്യതയുള്ള സീറ്റുകളാണ്. ആരാണോ ജയിക്കുന്നത്, അവർ ആ സീറ്റ് എടുക്കട്ടെ', അഖിലേഷ് പറഞ്ഞു.

2024-ലെ ലോക്സഭാ തിരഞ്ഞെടുപ്പിൽ കോൺഗ്രസ്-എസ്.പി സഖ്യത്തിന് വൻ നേട്ടമുണ്ടാക്കാൻ സാധിച്ചിരുന്നു. '2024-ൽ ഞങ്ങൾ അവരെ പരാജയപ്പെടുത്തി. 2027-ലും പരാജയപ്പെടുത്തും' അഖിലേഷ് പറഞ്ഞു. പിന്നാക്ക വിഭാഗങ്ങൾ, ദളിതർ, ന്യൂനപക്ഷങ്ങൾ എന്നിവരുടെ സഖ്യമാണ് പിഡിഎ. കഴിഞ്ഞ ലോക്സഭാ തിരഞ്ഞെടുപ്പിൽ ഈ നീക്കത്തിലൂടെ എസ്പിക്ക് നേട്ടമുണ്ടാക്കാൻ സാധിച്ചിരുന്നു.

യുപിയിലെ ബുൾഡോസർ രാജ് പിഡിഎ വിഭാഗങ്ങളെ ലക്ഷ്യമിട്ട് വേട്ടയാടുകയാണെന്നും അഖിലേഷ് യാദവ് ആരോപിക്കുന്നു. അസമത്വത്തിനെതിരെയുള്ള പോരാട്ടം തുടരുകയാണെന്ന് വ്യക്തമാക്കിയ അഖിലേഷ്, പി.ഡി.എ. വോട്ടർമാർ തങ്ങളുടെ രാഷ്ട്രീയ ശക്തിയേക്കുറിച്ച് ബോധവാന്മാരാണെന്നും ഇത്തവണ കാര്യങ്ങൾ തികച്ചും വ്യക്തമാണെന്നും അദ്ദേഹം പറഞ്ഞു.


## കോടതി പരസ്യം

**ബഹു. തൃശൂർ ഒന്നാം അഡീഷ്ണൽ മുൻസിഫ് കോടതി മുമ്പാകെ**

OS: 368/2025

NTC നിധി ലിമിറ്റഡ്
-അന്യായം

തൃശൂർ താലൂക്ക് അയ്യന്തോൾ വില്ലേജ് ദേശത്ത് മഠത്തിപറമ്പിൽ രാജൻ മകൻ അനൂപ്
-3-ാം പ്രതി

മേൽ നമ്പറിൽ 3-ാം പ്രതിക്കുള്ള നോട്ടീസ് കോടതിയിലും സ്ഥലത്തും പതിച്ചു നടത്താൻ അനുവദിച്ച് മേൽ നമ്പർ കേസ് 21-11-2026 തിയ്യതിയിലേക്ക് വെച്ചിട്ടുള്ളതാകുന്നു. ടി കാര്യത്തിൽ നിങ്ങൾക്ക് എന്തെങ്കിലും ആക്ഷേപം ബോധിപ്പിക്കാനുണ്ടെങ്കിൽ അന്നേദിവസം രാവിലെ 11 മണിക്ക് താങ്കളോ താങ്കളുടെ അഭിഭാഷകനോ ബഹു. കോടതിയിൽ ഹാജരായി ബോധിപ്പിക്കേണ്ടതാണെന്നും അല്ലാത്തപക്ഷം താങ്കളെ കൂടാതെ മേൽ നമ്പർകേസ് തീർപ്പ് കല്പിക്കുന്നതാണെന്ന വിവരം ഇതിനാൽ ബോധിപ്പിച്ചുകൊള്ളുന്നു.

എന്ന്, 25-09-2026
അന്യായഭാഗം അഡ്വക്കേറ്റ്
രജിത് ഡേവീസ് (ഒപ്പ്)


## ഇരിങ്ങാലക്കുട ബ്ലോക്ക് പഞ്ചായത്ത് 2026-27 ഹരിത വസന്തം പച്ചക്കറി കൃഷി പദ്ധതി ഉദ്ഘാടനം ചെയ്തു



ഇരിങ്ങാലക്കുട: കാട്ടൂർ ഗ്രാമപഞ്ചായത്ത് കൃഷിഭവൻ പരിധിയിലെ സുഗന്ധം ജോയിന്റ് ലിങ്കേജ് ഗ്രൂപ്പിന്റെ പച്ചക്കറി നടീൽ ഉത്സവം ഇരിഞ്ഞാലക്കുട ബ്ലോക്ക്പഞ്ചായത്ത് പ്രസിഡന്റ് ടി. ജി. ശങ്കരനാരായണൻ ഉദ്ഘാടനം നിർവഹിച്ചു. ഇരിഞ്ഞാലക്കുട ബ്ലോക്ക് പഞ്ചായത്ത് വാർഷിക പദ്ധതിയിൽ ഉൾപെടുത്തിയാണ് ഗ്രൂപ്പുകൾക്ക് പച്ചക്കറി തൈകൾ വിതരണം ചെയ്തത്. കാട്ടൂർ ഗ്രാമപഞ്ചായത്ത്പ്രസിഡന്റ് മനു പി. എസ്. അധ്യക്ഷത വഹിച്ചു. ബ്ലോക്ക് പഞ്ചായത്ത് വികസന സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ എൻ ബി പവിത്രൻ, ബ്ലോക്ക് പഞ്ചായത്ത് അംഗങ്ങളായ അംബുജ രാജൻ,കെ.യു വിജയൻ,കാട്ടൂർ ഗ്രാമപഞ്ചായത്ത് വൈസ് പ്രസിഡന്റ് ജിജി പ്രവീൺ, ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ നൂറ റിയാസ്, കാട്ടൂർ ഗ്രാമപഞ്ചായത്ത് അംഗങ്ങളായ അംബിക ഷാജി, ജൂലിയസ് ആന്റണി, രാധിക സുരേഷ് , സി എൽ ജോയ്, ജയ്ഹിന്ദ് രാജൻ, രശ്മി പ്രമേഷ്, ലിൻസി വിൻസെന്റ് കുടുംബശ്രീ വൈസ് ചെയർപേഴ്സൺ കുമാരി ടി.വി. ലത, കുടുംബശ്രീ ഇളട അംഗങ്ങൾ, കാട്ടൂർ തെക്കുംപാടം പാടശേഖര പ്രധിനിധി കണ്ണൻ എം. കെ, ഇരിഞ്ഞാലക്കുട ബ്ലോക്ക് കൃഷി അസിസ്റ്റന്റ് ഡയറക്ടർ ഫാജിത റഹ്മാൻ, ബ്ലോക്ക് ഡെവലപ്പ്മെന്റ് ഓഫീസർ നിഖിൽ കെ. കെ.എന്നിവർ പങ്കെടുത്തു. കാട്ടൂർ ഗ്രാമ പഞ്ചായത്ത് വികസന സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ പി.എസ് അനീഷ് സ്വാഗതവും കാട്ടൂർ കൃഷി ഓഫീസർ രേഷ്മ എൻ. ടി. നന്ദിയും പറഞ്ഞു. ബീറ്റ്റൂട്ട്, ക്യാബേജ്, കോളിഫ്ലവർ, തക്കാളി, മുളക്, വെണ്ട, വഴുതന, പയർ എന്നിവയാണ് കൃഷി ചെയ്യുന്നത്.

## ലോക ഫാർമസി ദിനം ജൂബിലി മിഷനിൽ ആഘോഷിച്ചു



തൃശൂർ: ലോക ഫാർമസി ദിനത്തോടനുബന്ധിച്ച് ജൂബിലി മിഷൻ ആശുപത്രിയിൽ ആഘോഷപരിപാടികൾ സംഘടിപ്പിച്ചു. 'Empowering Pharmacists for Healthier Futures' (ആരോഗ്യകരമായ ഭാവിക്കായി ഫാർമസിസ്റ്റുകളെ ശാക്തീകരിക്കാം) എന്നതായിരുന്നു ഈ വർഷത്തെ ദിനാചരണ പ്രമേയം.

ആരോഗ്യസംരക്ഷണ രംഗത്ത് ഫാർമസിസ്റ്റുകളുടെ നിർണായക പങ്കും സുരക്ഷിതവും ഫലപ്രദവുമായ ഔഷധചികിത്സ ഉറപ്പാക്കുന്നതിൽ അവർ വഹിക്കുന്ന ഉത്തരവാദിത്വവും ഉയർത്തിക്കാട്ടുന്നതായിരുന്നു പരിപാടി.

ജൂബിലി മിഷൻ ആശുപത്രി സി.ഇ.ഒ ഡോ. ബെന്നി ജോസഫ് നീലങ്കാവിൽ, മെഡിക്കൽ സൂപ്രണ്ട് ഡോ. ഷിബു സി. കള്ളിവളപ്പിൽ, അസിസ്റ്റന്റ് ഡയറക്ടർമാരായ ഫാ. സിന്റോ കാരെപറമ്പൻ, ഫാ. ഡെമിൻ തറയിൽ, ഫാർമസി ഇൻചാർജ് സി. ജീസ് എന്നിവർ ആശംസകളർപ്പിച്ച് സംസാരിച്ചു.

ആരോഗ്യപരിചരണ മേഖലയിലെ ഫാർമസിസ്റ്റുകളുടെ സേവനമികവും രോഗികളുടെ സുരക്ഷ ഉറപ്പാക്കുന്നതിൽ അവരുടെ പങ്കും പ്രഭാഷകർ അനുസ്മരിച്ചു.

## നിര്യാതനായി
### പോൾ



നെല്ലങ്കര: പരേതനായ പാണേങ്ങാടൻ കുര്യയൻ മകൻ പോൾ (81 -യുണൈറ്റഡ് ഡ്രഗ്സ് ഉടമ) നിര്യാതനായി.

സംസ്കാര കർമ്മം ഇന്ന് ഉച്ചതിരിഞ്ഞ് 4 മണിക്ക് ഭവനത്തിൽ നിന്നും ആരംഭിച്ച് കിഴക്കേക്കോട്ട മാർ യോഹന്നാൻ മാംദാന പള്ളി സെമിത്തേരിയിൽ വെച്ച് നടത്തുന്നു. മക്കൾ: പ്രീതി, പ്രിയ, പ്രദീപ് (യുണൈറ്റഡ് ഡ്രഗ്സ് മാനേജിംഗ് പാർട്ണർ, തൃശ്ശൂർ). മരുമക്കൾ : ജോബി (late സൗത്ത് ഇന്ത്യൻ ബാങ്ക് ഓഫീസർ), ഷാജി (പീപ്പിൾസ് ഓട്ടോമൊബൈൽ, കോഴിക്കോട്), ജിസ്മി.

## സംസ്ഥാന പട്ടികജാതി-പട്ടികവർഗ കമ്മീഷൻ ജില്ലയിൽ സിറ്റിംഗ് നടത്തി; 33 പരാതികൾ പരിഹരിച്ചു

തൃശൂർ: കേരള സംസ്ഥാന പട്ടികജാതി പട്ടികഗോത്രവർഗ്ഗ കമ്മീഷൻ തൃശ്ശൂർ ജില്ലയിൽ നിലവിലുള്ള പരാതികളിൽ തീർപ്പ് കൽപ്പിക്കുന്നതിനായി പരാതി പരിഹാര അദാലത്ത് നടത്തി. തൃശ്ശൂർ കളക്ടറേറ്റ് അനക്സ് കോൺഫറൻസ് ഹാളിൽ നടത്തിയ അദാലത്തിന് കമ്മീഷൻ അംഗങ്ങളായ ടി.കെ. വാസു, അഡ്വ. സേതു നാരായണൻ എന്നിവർ നേതൃത്വം നൽകി.

പട്ടികജാതി-പട്ടികഗോത്രവർഗ്ഗക്കാരുമായി ബന്ധപ്പെട്ട് കമ്മീഷന് ലഭിച്ച 34 പരാതികളാണ് അദാലത്തിൽ പരിഗണിച്ചത്. രണ്ടു ബഞ്ചുകളിലായി കമ്മീഷൻ അംഗങ്ങളായ അഡ്വ. സേതു നാരായണൻ, ടി.കെ. വാസു എന്നിവർ 34 പരാതികൾ പരിഗണിച്ചതിൽ 33 പരാതികൾ പരിഹരിച്ചു. ഒരു കേസിൽ തുടരന്വേഷണത്തിന് ഉത്തരവിട്ടു.

2024 ജനുവരിയിൽ ചുമതലയേറ്റതിനുശേഷം ഈ കമ്മീഷന്റെ 52-ാമത്തെ അദാലത്താണ് തൃശ്ശൂരിൽ പൂർത്തീകരിച്ചത്. ഈ കമ്മീഷൻ നിലവിൽ വന്നതുമുതൽ തൃശ്ശൂർ ജില്ലയിൽ ആറ് അദാലത്തുകൾ നടത്തി. ഇതിൽ 501 പരാതികൾ പരിഗണിച്ചു. 430 പരാതികൾക്ക് അദാലത്തിൽവച്ചുതന്നെ പരിഹാരമുണ്ടായി. 71 പരാതികൾ തുടർ നടപടികൾക്കായി മാറ്റിവെച്ചു.

പട്ടികജാതി - പട്ടികവർഗ്ഗ വികസനം, പോലീസ്, റവന്യൂ, കൃഷി, തദ്ദേശ സ്വയംഭരണ വകുപ്പ് തുടങ്ങിയ വകുപ്പുകളിലെ ഉദ്യോഗസ്ഥർ അദാലത്തിൽ പങ്കെടുത്തു.

## ബംപർ നറുക്കെടുപ്പ് നാളെ, വിൽപ്പന റെക്കോർഡ് മറികടന്നു

തിരു: മലയാളികൾ ആകാംക്ഷയോടെ കാത്തിരിക്കുന്ന തിരുവോണം ബംപർ ഭാഗ്യക്കുറിയുടെ നറുക്കെടുപ്പ് നാളെ ഉച്ചയ്ക്ക് രണ്ട് മണിക്ക് തിരുവനന്തപുരം ഗോർക്കി ഭവനിൽ നടക്കും. ചരിത്രത്തിലെ ഏറ്റവും ഉയർന്ന ഒന്നാം സമ്മാനമായ 30 കോടി രൂപ സ്വന്തമാക്കുന്ന ആ ഭാഗ്യശാലി ആരാണെന്ന് നാളെയറിയാം. ഇത്തവണ അച്ചടിച്ച 90 ലക്ഷം ടിക്കറ്റുകളിൽ 89.85 ലക്ഷത്തിലധികം ടിക്കറ്റുകളും വിറ്റഴിഞ്ഞതായി ലോട്ടറി വകുപ്പ് അറിയിച്ചു. പാലക്കാട് ജില്ലയിലാണ് ഇത്തവണ ഏറ്റവും കൂടുതൽ ടിക്കറ്റുകൾ വിറ്റഴിഞ്ഞത്.

## സൗജന്യ ഇ.സി.ജി സ്ക്രീനിംഗുമായി തൃശ്ശൂരിൽ ആസ്റ്റർ മെഡ്സിറ്റിയുടെ 'സ്പന്ദനം' മൊബൈൽ മെഡിക്കൽ യൂണിറ്റ്



*ആസ്റ്റർ മെഡ്സിറ്റിയുടെ നേതൃത്വത്തിൽ സംഘടിപ്പിക്കുന്ന 'സ്പന്ദനം' മൊബൈൽ മെഡിക്കൽ യൂണിറ്റിന്റെ തൃശൂർ ജില്ലയിൽ പര്യടനം മേയർ ഡോ. നിജി ജസ്റ്റിൻ ഉദ്ഘാടനം നിർവ്വഹിക്കുന്നു.*

തൃശൂർ: ലോക ഹൃദയദിനത്തോടനുബന്ധിച്ച് ആസ്റ്റർ മെഡ്സിറ്റിയുടെ നേതൃത്വത്തിൽ സംഘടിപ്പിക്കുന്ന 'സ്പന്ദനം' മൊബൈൽ മെഡിക്കൽ യൂണിറ്റിന്റെ തൃശൂർ ജില്ലയിൽ യാത്ര ആരംഭിച്ചു.

തൃശൂർ കോർപറേഷൻ ഓഫീസിൽ നടന്ന ചടങ്ങ് മേയർ ഡോ. നിജി ജസ്റ്റിൻ ഉദ്ഘാടനം നിർവ്വഹിച്ചു.

ലോക ഹൃദയദിനത്തോടനുബന്ധിച്ച് ആസ്റ്റർ ഡി.എം ക്വാളിറ്റി കെയറിന്റെ 40,000 സൗജന്യ ഇ.സി.ജി സ്ക്രീനിംഗ് പദ്ധതിയുടെ ഭാഗമായി ആസ്റ്റർ മെഡ്സിറ്റി നടപ്പിലാക്കുന്ന 'സ്പന്ദന'ത്തിലൂടെ 2,500ഓളം സൗജന്യ ഇ.സി.ജി സ്ക്രീനിംഗും ഡോക്ടർ കൺസൾട്ടേഷനും ബി.പി, ബ്ലഡ് ഷുഗർ പരിശോധനകളും ഈ മൊബൈൽ യൂണിറ്റ് വഴി അഞ്ച് ജില്ലകളിലായി പൂർത്തിയാക്കും. പാലക്കാട് ആരംഭിച്ച മൊബൈൽ യൂണിറ്റ് പരിശോധന തൃശൂരും, തുടർന്ന് എറണാകുളം, ആലപ്പുഴ, ഇടുക്കി ജില്ലകളിലൂടെ പ്രയാണം നടത്തും.

സമൂഹത്തോടുള്ള കടമയും ഉത്തരവാദിത്തവും നിർവ്വഹിക്കാനും ജനങ്ങളുടെ ഹൃദയാരോഗ്യം സംരക്ഷിക്കുക എന്ന ലക്ഷ്യത്തോടെയുമാണ് ഈ പദ്ധതി നടപ്പിലാക്കുന്നതെന്ന് ആസ്റ്റർ മെഡ്സിറ്റി ചീഫ് ഓപ്പറേറ്റിംഗ് ഓഫീസർ ഡോ. ഷുഹൈബ് ഖാദർ പറഞ്ഞു.

## പ്രകടനവും യോഗവും നടത്തി




തൃശൂർ: പിണറായി വിജയനും മുഹമ്മദ് റിയാസിനുമെതിരെ കള്ളക്കേസ് എടുക്കുന്നതിൽ പ്രതിഷേധിച്ച് ഇ ഡി വേട്ടക്കെതിരെ കേന്ദ്ര ബി ജെപി യു ഡി എഫ് ഡീലിനെതിരെ സിപിഐ എം ഏരിയ കമ്മിറ്റിയുടെ നേതൃത്വത്തിൽ പ്രകടനവും യോഗവും നടത്തി. ജില്ല സെക്രട്ടറിയറ്റ് അംഗം ടി വി ഹരിദാസ് ഉദ്ഘാടനം ചെയ്തു. ഏരിയ സെക്രട്ടറി വി എ മനോജ് കുമാർ അധ്യക്ഷത വഹിച്ചു. ടി ജി ശങ്കരനാരായണൻ, ജോസ് ജെചിറ്റിലപ്പിള്ളി എന്നിവർ പങ്കെടുത്തു. കെ സി പ്രേമരാജൻ സ്വാഗതവും ഡോ. കെ പി ജോർജ് നന്ദിയും പറഞ്ഞു.

## അമലയിൽ ദേശീയ പുസ്തകോത്സവം

തൃശൂർ: അമല ദേശീയ പുസ്തകോത്സവത്തിന്റെയും കേരള ഗവൺമെന്റിന്റെ ആന്റി നാർകോട്ടിക് ക്യാമ്പയിൻ ആയ 'തൂഫാന്റെയും' ഉദ്ഘാടനം ആഭ്യന്തരമന്ത്രി രമേശ് ചെന്നിത്തല നിർവഹിച്ചു. വടക്കാഞ്ചേരി എം. എൽ.എ. സേവ്യർ ചിറ്റിലപ്പിള്ളി അധ്യക്ഷത വഹിച്ചു. ദേവമാതാ പ്രൊവിൻഷ്യാൾ ഫാ. ഡോ. ജോസ് നന്തിക്കര അനുഗ്രഹ പ്രഭാഷണം നടത്തി.

അമല ഡയറക്ടർ ഫാ.ജൂലിയസ് അറക്കൽ സി.എം.ഐ., കോർപറേഷൻ ഡെപ്യൂട്ടി മേയർ എ. പ്രസാദ്, അടാട്ട് പഞ്ചായത്ത് പ്രസിഡന്റ് പി.പി.ദേവസ്സി, അമല മെഡിക്കൽ കോളേജ് പ്രിൻസിപ്പൽ ഡോ. ബെറ്റ്സി തോമസ്, നേഴ്സിങ് കോളേജ് പ്രിൻസിപ്പാൾ ഡോ.രാജി രഘുനാഥ്, അലൈഡ് ഹെൽത്ത് സയൻസ് കോളേജ് പ്രിൻസിപ്പാൾ ഡോ. ഷീബ ഭാസ്കർ, ആയുർവേദ ഫിസിഷ്യൻ ഡോ.ജയദീപ്, നേഴ്സിങ് സ്കൂൾ പ്രിൻസിപ്പാൾ സിസ്റ്റർ മിനി,ചീഫ് ലൈബ്രേറിയൻ ഡോ. എ.ടി. ഫ്രാൻസിസ് എന്നിവർ പങ്കെടുത്തു.

വിവിധ മത്സരങ്ങളിലെ വിജയികൾക്കുള്ള അവാർഡ് വിതരണവും പുസ്തക പ്രകാശനവും നടത്തി.പുസ്തക പ്രദർശനം 26 ന് സമാപിക്കും.

## ഡോ. പി എം വർക്കിക്ക് സ്മരണാഞ്ജലി

തൃശൂർ: പരിശുദ്ധ വ്യാകുല മാതാ ബസിലിക്ക ഹാൾ: ഡോ.പി.എം. വർക്കിക്ക് തൃശ്ശൂർ പൗരാവലിയുടെ സ്മരണാഞ്ജലി മന്ത്രി ഒ. ജെ ജനീഷ്, മേയർ നിജി ജസ്റ്റിൻ, ആർച്ച് ബിഷപ്പ് മാർ ആൻഡ്രൂസ് താഴത്ത് തുടങ്ങിയവർ പങ്കെടുക്കും. വൈകീട്ട് 5.00.

# എം.എസ്.എസ് സംസ്ഥാന സമ്മേളനം സെ. 26, 27 തിയ്യതികളിൽ കോഴിക്കോട്

കോഴിക്കോട് : മുസ്ലിം സർവീസ് സൊസൈറ്റിയുടെ(എം. എസ്. എസ്) സമ്പൂർണ്ണ സംസ്ഥാന സമ്മേളനം സെപ്റ്റംബർ 26നും 27നും കോഴിക്കോട് രണ്ട് വേദികളിലായി നടക്കുമെന്ന് സംഘാടകർ വാർത്ത സമ്മേളനത്തിൽ അറിയിച്ചു.

'നല്ല വ്യക്തി-നല്ലസമൂഹം' എന്ന സന്ദേശം ഉയർത്തിപ്പിടിച്ച് പ്രവർത്തിക്കുന്ന എം.എസ്.എസ്. മാനവികത, മതേതരത്വം, ജനാധിപത്യം എന്ന പ്രമേയമാണ് സമ്മേളനത്തിൽ മുന്നോട്ടു വെക്കുന്നത്.

26ന് രാവിലെ 9.30 ന് ചെറൂട്ടി റോഡ് എം.എസ്.എസ്. ഓഡിറ്റോറിയത്തിൽ പ്രതിനിധി സമ്മേളനം സ്വാഗതസംഘം ചെയർമാൻ അഡ്വ. വി. കെ. ഫൈസൽ ബാബു എം. എൽ. എ. ഉദ്ഘാടനം ചെയ്യും. എം. എസ്. എസ് സംസ്ഥാന പ്രസിഡന്റ് നിയാസ് പുളിക്കലകത്ത് അധ്യക്ഷത വഹിക്കും. ജനറൽ സെക്രട്ടറി എഞ്ചി.പി.മമ്മദ് കോയ റിപ്പോർട്ട് അവതരിപ്പിക്കും. തുടർന്ന് മുൻകാല നേതാക്കൾ സംഘടനയുടെ ചരിത്രം ചർച്ച ചെയ്യും.

ഉച്ചക്ക് 2 ന് യുവജന സമ്മേളനം അസോസിയേഷൻ ഓഫ് മുസ്ലിം പ്രൊഫഷണൽസ് പ്രസിഡന്റ് ആമിർ ഇദ്രീസി ഉദ്ഘാടനം ചെയ്യും.

അഡ്വ. വിദ്യബാലകൃഷ്ണൻ എം.എൽ.എ, കോർപ്പറേഷൻ കൗൺസിലർ ടി.പി.എ മുനീർ ഹുദവി എന്നിവർ അതിഥികളാകും. വൈകീട്ട് 5ന് ഇദ്രീസ് മാമ്പി, ഇൻഹാം റഫീക്ക് എന്നിവർ നേതൃത്വം നൽകുന്ന സംഗീത സന്ധ്യ ഉണ്ടായിരിക്കും.

27ന് രാവിലെ 9.30ന് കാലിക്കറ്റ് ട്രേഡ് സെന്ററിൽ പതാക ഉയർത്തുന്നതോടെ സമ്പൂർണ്ണ സമ്മേളനത്തിന് തുടക്കമാകും. 10.30ന് സംസ്ഥാന ആഭ്യന്തര-വിജിലൻസ് വകുപ്പ് മന്ത്രി രമേശ് ചെന്നിത്തല സമ്മേളനം ഉദ്ഘാടനം ചെയ്യും. അഡ്വ. വി കെ. ഫൈസൽ ബാബു വിഷയമവതരിപ്പിക്കും. സയ്യിദ് സാദിഖലി ശിഹാബ് തങ്ങൾ മുഖ്യപ്രഭാഷണം നടത്തും. മന്ത്രിമാരായ കെ.എം.ഷാജി, അഡ്വ.എൻ. ഷംസുദ്ദീൻ, എം.കെ.രാഘവൻ എം.പി, മേയർ ഒ.സദാശിവ ബിനോയ് വിശ്വം, എം.എൽ.എ മാരായ അഡ്വ.പി.എ.മുഹമ്മദ് റിയാസ്, അഡ്വ.കെ.പ്രവീൺ കുമാർ, അഡ്വ.കെ. ജയന്ത്, എം.എ.റസാഖ് മാസ്റ്റർ, മുൻ ഗോവ ഗവർണർ അഡ്വ.പി.എസ്. ശ്രീധരൻ പിള്ള, അഡ്വ. പി.എം.എ. സലാം, എം.മെഹബൂബ്, അഡ്വ.പി. ഗവാസ്, അഹമ്മദ് ദേവർ കോവിൽ, പ്രൊഫ.അബ്ദു വഹാബ്, പി.എം.നിയാസ്, പി.കെ.അഹമ്മദ്, എം.പി.അഹമ്മദ്, ഡോ.പി.ഗൾഫാർ മുഹമ്മദലി , ഇഖ്റ എജുക്കേഷൻ ഫൗണ്ടർ ഉസ്മ നഹീദ് എന്നിവർ പ്രസംഗിക്കും.

ഉച്ചക്ക് 12 ന് കേരള മുസ്ലീം നവോത്ഥാനം ചരിത്രവും സാധ്യതകളും എന്ന വിഷയത്തിൽ സെമിനാർ വ്യവസായ ഐ ടി വകുപ്പ് മന്ത്രി പി കെ കുഞ്ഞാലിക്കുട്ടി ഉദ്ഘാടനം ചെയ്യും. വിഷയവതരണം ഡോ. ഹുസൈൻ മടവൂർ നടത്തും. ഉച്ചക്ക് 2 ന് 'സ്ത്രീ - കാലത്തിനൊപ്പം കരുതലോടെ' എന്ന പ്രമേയത്തിൽ വനിത സമ്മേളനം അഡ്വ.ഫാത്തിമ തഹ്ലിയ എം. എൽ. എ. ഉദ്ഘാടനം ചെയ്യും.

ഡെപ്യൂട്ടി മേയർ എസ്.ജയശ്രീ മുഖ്യാതിഥിയാകും. കോർപ്പറേഷൻ വിദ്യാഭ്യാസ - സ്പോർട്സ് കമ്മിറ്റി ചെയർപേഴ്സൺ അഡ്വ: സാറ ജാഫർ, ഓൾ ഇന്ത്യ മുസ്ലിം മജ്ലിസെ മുശാവറ വൈസ് പ്രസിഡന്റ് ഉസ്മ നഹീദ് എന്നിവർ വിശിഷ്ടാതിഥികളാകും.

വാർത്താ സമ്മേളനത്തിൽ എം.എസ്. എസ് സംസ്ഥാന പ്രസിഡന്റ് നിയാസ് പുളിക്കലകത്ത്, ജനറൽ സെക്രട്ടറി എഞ്ചി.പി.മമ്മത് കോയ, സംസ്ഥാന വൈസ് പ്രസിഡണ്ട് പി.ഒ.ഹാഷിം, സംസ്ഥാന ട്രഷറർ എൻ.കെ.മുഹമ്മദലി, അഡ്വ. പി വി സൈനുദ്ദീൻ, സാദിഖ് വട്ടപ്പറമ്പ്, പി .പി അബ്ദു റഹീം, മീഡിയ കമ്മിറ്റി കൺവീനർ സി.പി.എം.സഈദ് അഹമ്മദ്, സന്നാഫ് പാലക്കണ്ടി, വി.എം.ബഷീർ, ആർ പി അഷറഫ് എന്നിവർ പങ്കെടുത്തു.